ESTD:1976

കാരവൽ

1196 വൃശ്ചികം 1, 1442 റ.അവ്വൽ 30, 2020 നവംബർ 16 തിങ്കൾ

കിഫ്ബി വിവാദം: ധനമന്ത്രിക്കു നേരെയും കരിനിഴൽ

സംസ്ഥാന ഭരണം സംശുദ്ധവും സുതാര്യവുമാണെന്നു മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയായിരുന്ന കോടിയേരി ബാലകൃഷ്ണനും ആവർത്തിച്ച് അവകാശപ്പെട്ടുകൊണ്ടിരുന്നു. സംഗതി നേരു തന്നെയാണെന്ന് പാർട്ടിയേയും സർക്കാരിനെയും പിന്തുണക്കുന്നവർ ഏറ്റുപറയുകയും ചെയ്യുന്നു.

അതേ സമയം ആർക്കെങ്കിലും ഒരാൾക്കോ എതിർപക്ഷത്തിനോ ഈ അവകാശവാദം കള്ളമാണെന്നും നേരറിയാൻ വിദഗ്ധ അന്വേഷണം വേണമെന്നും തോന്നിയാൽ സർക്കാരും പാർട്ടിയും അതിനു തയ്യാറാവുകയല്ലേ വേണ്ടത? മടിയിൽ കനമില്ലെങ്കിൽ ആരെയാണ്, ഏത് അന്വേഷണത്തെയാണ് പേടിക്കേണ്ടത്.

സംസ്ഥാനത്തു നടന്ന നിഷ്ഠൂര കൊലപാതകക്കേസുകളുടെ അന്വേഷണവും കശാപ്പു ചെയ്യപ്പെടുന്നുവെന്ന പരാതിയുമായി കൊല്ലപ്പെട്ടവരുടെ രക്ഷിതാക്കൾ കോടതിയെ സമീപിക്കുകയും കോടതി സി ബി ഐ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിരുന്നു. ആ അന്വേഷണം ആവശ്യമില്ലെന്നും കേരള പൊലീസ് തലനാരിഴകീറി അന്വേഷണം നടത്തിയിട്ടുണ്ടെന്നും അതിനാൽ സി ബി ഐ അന്വേഷണ ഉത്തരവ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ അപ്പീൽ നൽകുകയും അതിനു കോടികൾ വക്കീൽ ഫീസിനുമാത്രം ചെലവാക്കുകയും ചെയ്തതു അടുത്ത കാലത്തായിരുന്നു. പൊലീസ് അന്വേഷണം നിഷ്പക്ഷവും നീതിപൂർവകവുമാണെങ്കിൽ ആരന്വേഷിച്ചാലെന്താ? എന്തിന് അതിനു തടസ്സം നിൽക്കുന്നുവെന്നു സാധാരണക്കാർക്കെല്ലാം സംശയമുണ്ടാക്കുകയായിരുന്നു സർക്കാർ.

അടുത്ത കാലത്ത് അടിക്കടി വിവാദമായിക്കൊണ്ടിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ എല്ലാ നടപടികളിലും നിയമവിരുദ്ധ പ്രവർത്തനങ്ങളും അഴിമതിയും ആരോപിക്കപ്പെടുന്നു. ഇതിൽ വിവിധ അന്വേഷണ ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണങ്ങളിലെല്ലാം തീവെട്ടിക്കൊള്ളകൾ കണ്ടെത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിന്റെ തുടർച്ചയായി പാർട്ടി സംസ്ഥാന സെക്രട്ടറിക്കു തൽസ്ഥാനം രാജിവെക്കേണ്ടിവന്നു. വിവാദക്കാലംവരെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ആൾ അറസ്റ്റിലായി. അടുത്ത സെക്രട്ടറി അന്വേഷണം നേരിടുന്നു. ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവരിൽ ചിലരും തുറങ്കിൽപ്പെട്ടു. മറ്റൊരു മന്ത്രി ഈന്തപ്പഴ ഇടപാടിലും വിവാദം നേരിടുന്നു. ധനമന്ത്രി കിഫ്ബി ഇടപാടിൽ വിവാദത്തിലെത്തി നിൽക്കുന്നു.

വികസന രംഗത്ത് സംസ്ഥാനം അതിവേഗം ബഹുദൂരം എത്തുന്നതിനു സർക്കാരിന്റെ നിലവിലുള്ള വകുപ്പുകളും സംവിധാനങ്ങളും ദുർബലമാണെന്ന കണ്ടെത്തലുകളെത്തുടർന്നാണ് ധനകാര്യവകുപ്പിന്റെയും സർക്കാരിന്റെയും നിയന്ത്രണത്തിൽ കിഫ്ബി എന്ന സ്വതന്ത്ര സ്ഥാപനം രൂപീകരിച്ചത്. ചെയർമാൻ മുഖ്യമന്ത്രിയാണ്. വൈസ് ചെയർമാൻ ധനകാര്യമന്ത്രി ടി എം തോമസ് ഐസ്ക്കാണ്. എന്നാൽ ഈ സ്ഥാപനം കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. അധികാര സ്ഥാനത്തു മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഉണ്ടെങ്കിലും ഇതിന് ലഭിക്കുന്ന നിക്ഷേപവും അതിൽ നിന്നു ചെലവഴിക്കുന്ന പണത്തിന്റെ കണക്കും അതിനു കരാർ നൽകുന്നതും പണം തിരിച്ചുകൊടുക്കുന്നതിന്റെ കണക്കും കാര്യങ്ങളും നോക്കുന്നത് ആ സ്ഥാപനമാണ്.

കിഫ്ബിയിൽ പണം നിക്ഷേപിക്കുന്നതു വിദേശങ്ങളിലുള്ളവരാണ്. അവർ ആരാണെന്നു കമ്പനിക്കറിയാം. സർക്കാർ അറിയുകയോ, അറിയാതിരിക്കുകയോ ചെയ്യാം. ഈ നിക്ഷേപത്തിനു രാജ്യത്തില്ലാത്ത പലിശയാണ് നൽകുന്നത്. പലിശയും പണവും നൽകുന്നത് നമ്മൾ സർക്കാരിനു നൽകുന്ന വാഹനരജിസ്ട്രേഷൻ തുകയും പെട്രോൾ -ഡീസൽ നികുതിയിൽ നിന്നും ഒക്കെയുള്ള പണം കൊണ്ടാണ്.

കേരളത്തിലെ ജനങ്ങളുടെ പണം കൊണ്ടു തീർക്കാൻ വാങ്ങുന്ന കടം എങ്ങനെയൊക്കെ ചെലവഴിക്കുന്നുവെന്ന് അതിനുവേണ്ടി നിയോഗിക്കപ്പെട്ട സി എ ജി അന്വേഷണം നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തപ്പോൾ എന്തിന് സി എ ജി അന്വേഷിക്കണമെന്ന ആരായലുമായി ധനമന്ത്രി രംഗത്തെത്തിയിരിക്കുന്നു. കേരള സർക്കാർ ചെലവഴിക്കുന്ന പണത്തെക്കുറിച്ച് അന്വേഷിക്കാൻ ഇവിടെത്തന്നെ തന്റെ നിയന്ത്രണത്തിൽ അന്വേഷണ സംഘമുണ്ടെന്നാണ് ധനമന്ത്രി പറയുന്നത്. ഇതിനു ഭരണഘടനാ നിർദ്ദേശങ്ങളെ അദ്ദേഹം വെല്ലുവിളിക്കുകയും ചെയ്യുന്നു. ഇടപാടുകൾ സുതാര്യമാണെങ്കിൽ ധനമന്ത്രി എന്തിനാണ് പ്രകോപിതനാവുന്നത്. മടിയിൽ കനമില്ലെങ്കിൽ വഴിനടക്കാൻ ആരെ പേടിക്കണം എന്ന സർക്കാർ പ്രഖ്യാപനത്തിൽ തന്നെയാണ് സാധാരണ ജനങ്ങൾ ഇപ്പോഴും.

ജനങ്ങളുടെ സംശയം മാറണ്ടേ? മനസ്സും പ്രവൃത്തിയും ശുദ്ധമാവാതെ നാട്ടിൽ സംശുദ്ധി ഉറപ്പാക്കാൻ എങ്ങനെയാണ് കഴിയുക? വികസന രംഗത്തു എങ്ങനെയാണ് സുതാര്യത കൈവരുക?

തിങ്കൾക്കല

വികസനം ആർക്കെല്ലാം?

നാരായണൻ പേരിയ

"**സാ**റെ, എന്റെ വാർഡിൽ കരാറുകാരെ ഏൽപ്പിച്ച റോഡ് പണിയെല്ലാം തീർത്തു. ഓവർസിയറെയും എഞ്ചിനീയറെയും കരാറുകാരൻ തന്നെ കൂട്ടിക്കൊണ്ടുപോയി എല്ലാം കാണിച്ചു കൊടുത്തു. ബില്ല് പാസ്സാക്കി പണവും കൊടുത്തു എന്നറിഞ്ഞു. എന്നാൽ, വാർഡ് മെമ്പറായ എനിക്ക് അതിന്റെ കമ്മീഷൻ വകയിൽ ഒന്നും തന്നില്ല. ഞാൻ തന്നെ കരാറുകാരനോട് പണം ചോദിച്ചു വാങ്ങേണ്ടതുണ്ടോ, അതല്ല, കമ്മീഷൻ ഇവിടെ നിന്ന് വാങ്ങിത്തരുമോ? ഞാൻ ആദ്യമായിട്ടാണ് മെമ്പറാകുന്നത്. അതുകൊണ്ട് ഇക്കാര്യം അറിഞ്ഞുകൂടാ. ഇവിടെ നിന്ന് വാങ്ങിത്തരുന്നതായിരുന്നു നല്ലത്. മീറ്റിങ്ങിന് വന്ന് മടങ്ങിപ്പോകുമ്പോൾ അത് വാങ്ങാമല്ലോ. ഞങ്ങൾ തന്നെ കരാറുകാരോട് വാങ്ങണം എന്ന് പറഞ്ഞാൽ, അയാളെ എവിടെയാണ് കണ്ടു കിട്ടുക? എത്രപ്രാവശ്യം അന്വേഷിച്ചുപോകേണ്ടിവരും? അതുകൊണ്ട്..."

പഞ്ചായത്ത് മീറ്റിങ്ങ് കഴിഞ്ഞപ്പോൾ ഒരു വനിതാ മെമ്പർ ബോധിപ്പിച്ച സംശയമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അടുത്ത കാലത്ത് സ്ഥലം മാറ്റം കിട്ടി വന്ന ആളായിരുന്നു. മെമ്പറുടെ നാടൻ ഭാഷ ശരിയായി മനസ്സിലായില്ല. (ഇവിടെ എഴുതിയതല്ല. യഥാർത്ഥത്തിൽ അവരുടെ വാമൊഴി) എന്താണ് ഇവർ പറയുന്നത്? എന്ത് കമ്മീഷന്റെ കാര്യം? ഉദ്യോഗസ്ഥന് ഒന്നും മനസ്സിലായില്ലെങ്കിലും പ്രസിഡണ്ടിനും മറ്റും കാര്യം പിടികിട്ടി. അവർ മെമ്പറെ ക്യാബിനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. എന്ത് പറഞ്ഞാണ് അവരെ തൃപ്തിപ്പെടുത്തിയത് എന്നറിയില്ല. ഒരു പഞ്ചായത്തിൽ നടന്ന കാര്യമാണത്രെ. യഥാർത്ഥത്തിൽ നടന്നതോ, പത്രലേഖകന്റെ ഭാവനയിൽ വിരിഞ്ഞ കഥയോ തദ്ദേശ ഭരണ സംവിധാനത്തെത്തന്നെ പരിഹസിക്കാനായി മെനഞ്ഞെടുത്ത കൽപിത കഥയോ എന്ന് അറിയില്ല. എങ്കിലും, കരാറു പണി സംബന്ധിച്ച് അവിഹിതമായ പലതും പലേടത്തും നടക്കുന്നുണ്ടത്രേ.

എം എൽ എ- എം പി ആസ്തിവികസന ഫണ്ട് എന്നൊക്കെ പറഞ്ഞ് സർക്കാർ കൊല്ലം തോറും അനുവദിക്കാറുള്ള പണം മുഴുവനുമല്ലെങ്കിലും അതിൽ വലിയൊരു ഭാഗം, ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട് എന്ന് വിമർശനമുണ്ട്. ഓരോ മണ്ഡലത്തിലെയും (പഞ്ചായത്താകുമ്പോൾ വാർഡിലെ) നിയമാനുസൃതമായ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് യഥാസമയം, വേണ്ടതുപോലെ ചെലവഴിക്കപ്പെടാറില്ല. അതിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്ത് വരാറുണ്ട്. എഴുപത്തഞ്ച് ശതമാനത്തിൽ കൂടുതൽ വരുന്ന തുക സാമ്പത്തിക വർഷം തീരാറാകുമ്പോഴും വിനിയോഗിക്കപ്പെടാതെ കിടക്കും. സർക്കാരും അക്കാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാറില്ല, പണം ഖജനാവിൽ തന്നെ കിടക്കുമല്ലോ. ഖജനാവ് കാലിയായി എന്ന ദുരവസ്ഥ ഒഴിവാകും. എന്നാൽ പതിനൊന്നാം മാസം തീരാറാകുമ്പോൾ കേൾക്കാം, വിഹിതത്തിൽ തൊണ്ണൂറ്- തൊണ്ണൂറ്റഞ്ച് ശതമാനം വിനിയോഗിച്ചു എന്ന്. ഹോ! എന്തൊരു സ്പീഡ്! 'ഭരണ വേഗ'ത്തെക്കുറിച്ച് പറഞ്ഞു പോകും. ഫണ്ട് വിനിയോഗിച്ചു എന്നത് ശരി തന്നെ; എങ്ങനെ വിനിയോഗിച്ചു? അതിന്റെ കാര്യക്ഷമത വിലയിരുത്തപ്പെടുന്നുണ്ടോ? വിമർശനമുയരുമ്പോൾ പറയാനൊരു ന്യായമുണ്ട്. പ്രതിപക്ഷക്കാർ അങ്ങനെയല്ലേ പറയൂ. അതവരുടെ പതിവ് ശൈലിയല്ലേ എന്ന്. അതിലും സത്യത്തിന്റെ അംശം ഇല്ലാതില്ല. പ്രതിപക്ഷത്ത് നിൽക്കുന്നവർ എപ്പോഴും എവിടെയും ദോഷൈക ദൃഷ്ടികളാണല്ലോ. അങ്ങനെയാകുമ്പോൾ ശരിയായ വിമർശനം പോലും ശരിയായിട്ടെടുക്കുകയില്ല. ഈയിടെ തിരുവനന്തപുരം എം പി ശശി തരൂർ സ്വന്തം പാർട്ടിയിൽ നിന്ന് തന്നെ വിമർശനം നേരിട്ടപ്പോൾ പറഞ്ഞ മറുപടി ഓർക്കുന്നു. തരൂർ പ്രധാന മന്ത്രിയെ പുകഴ്ത്തുന്നു. മറുകണ്ടം ചാടാൻ തക്കം നോക്കുന്നു. താൻ അകപ്പെട്ടിട്ടുള്ള കുരുക്കിൽ നിന്ന് രക്ഷപ്പെടാനുള്ള തന്ത്രം എന്നെല്ലാമായിരുന്നു വടകര എം പി കെ മുരളീധരന്റെ വിമർശനം. തരൂർ തന്റെ പക്ഷം ന്യായീകരിച്ചു കൊണ്ട് പറഞ്ഞു: മറുപക്ഷത്തുള്ളവർ നല്ലത് ചെയ്താൽ, അത് നല്ലതെന്നു തന്നെ പറയണം. എങ്കിൽ മാത്രമേ, അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് വിമർശിക്കുമ്പോൾ അത് ശരിയായെടുക്കുകയുള്ളൂ. എല്ലാ വിമർശനവും പ്രതിപക്ഷത്തിന്റെ വികല ദൃഷ്ടി കൊണ്ട് കണ്ടതിന്റെ ഫലം എന്ന് അവഗണിച്ചു കൂടാ എന്ന് ചുരുക്കം.

ഒരു നേരനുഭവം പറയാം - പറഞ്ഞു കേട്ടതല്ല, സ്വന്തം അനുഭവം. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല റിവ്യൂ കമ്മിറ്റി യോഗത്തിലേയ്ക്ക് ക്ഷണിക്കപ്പെട്ടതനുസരിച്ച് പങ്കെടുത്തപ്പോൾ കണ്ട് ബോധ്യപ്പെട്ടത് -ത്രൈമാസിക റിവ്യൂ മീറ്റിങ്ങായിരുന്നു. മൂന്ന് മാസത്തെ പ്രവർത്തന പുരോഗതിയുടെ വിലയിരുത്തലായിരുന്നു പ്രധാന അജണ്ട. റിപ്പോർട്ടിന്റെ കോപ്പി യോഗാരംഭത്തിൽ വിതരണം ചെയ്തിരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളുണ്ടായിരുന്നു, കണക്ക് സഹിതം. തൊഴിലുറപ്പ് പദ്ധതിയാണല്ലോ വിഷയം. ഓരോ ഇനത്തിലും എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്? എത്ര പേർക്ക് തൊഴിൽ ലഭിച്ചു? എത്ര പണം വേതനമായി നൽകി? അനുവദിക്കപ്പെട്ട ഫണ്ടിൽ വിനിയോഗിച്ചതെത്ര, ബാക്കിയുള്ളത് എത്ര? എല്ലാ കണക്കുകളും റിപ്പോർട്ടിലുണ്ടായിരുന്നു. ഡിസംബറിൽ അല്ലെങ്കിൽ ജനുവരിയിൽ, ചേരുന്ന യോഗത്തിൽ അവതരിപ്പിക്കപ്പെടുന്ന കണക്ക് പ്രകാരം പല പഞ്ചായത്തുകളിലും ഗണ്യമായതോതിൽ പണം ബാക്കികിടക്കുന്നുണ്ടാകും. തൊഴിൽവേണം എന്ന് പറഞ്ഞ് പേര് കൊടുത്തിട്ടും, തൊഴിലിന് എത്താത്തവരുടെ സംഖ്യ കൂടുതലുണ്ടാകും ചില മേഖലകളിൽ; മറ്റു ചില ഭാഗങ്ങളിൽ നേരെ മറിച്ചും -അതായത് വകയിരുത്തപ്പെട്ട ഫണ്ട് തികയാതെ വരുന്നു. അത് കാരണം, തൊഴിൽ തേടുന്ന എല്ലാവർക്കും തൊഴിൽ കൊടുക്കാൻ കഴിയാതെ വരുന്നു. കുറഞ്ഞ ദിവസങ്ങളിലേ തൊഴിൽ കൊടുക്കാൻ കഴിയുന്നുള്ളൂ. ഫണ്ട് പോരാതെ വരുന്ന പഞ്ചായത്തുകളിലേയ്ക്ക്, മറ്റ് പഞ്ചായത്തുകൾക്ക് അനുവദിച്ചതും തൊഴിലിന് ആളെത്താത്തത് കാരണം ചെലവഴിക്കപ്പെടാതെ മിച്ചം കിടക്കുന്നതുമായ പണം മാറ്റരുതോ എന്ന് ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇങ്ങനെ: അത് പാടില്ല; അവസാനപാദത്തിൽ തൊഴിലാവശ്യപ്പെട്ട് വന്നാലോ? അതുകൊണ്ട് വരാത്ത തൊഴിലാളികളെയും കാത്തിരിക്കും. സാമ്പത്തിക വർഷം അവസാനിക്കും. വാർഷിക പദ്ധതിയാകയാൽ പിന്നെ ഒന്നും ചെയ്യാനാവില്ലല്ലോ. ചെലവഴിക്കപ്പെടാത്ത പണം ഖജനാവിലുണ്ടാകുമല്ലോ എന്ന് ആശ്വസിച്ചാൽ തെറ്റി: പണം മുഴുവനും ചെലവഴിച്ചു കഴിഞ്ഞു എന്ന് റിപ്പോർട്ട്. ആർക്ക് കൊടുത്തു? തൊഴിലാവശ്യമുള്ളവർക്ക്, തൊഴിലെടുക്കാൻ വന്നവർക്ക് തന്നെ. നേരത്തേ പേര് രജിസ്റ്റർ ചെയ്തവർക്ക്. കണക്ക് ഉണ്ടാകും അടുത്ത മീറ്റിങ്ങിൽ. സർവ്വ സമ്മതത്തോടെ കണക്ക് സഹിതമുള്ള റിപ്പോർട്ട് യോഗം അംഗീകരിക്കും. പ്രാദേശിക വികസനം ഇങ്ങനെ നടക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യം പറഞ്ഞാണ് തുടങ്ങിയത്. അങ്ങോട്ട് തന്നെ പോകാം. വികസന പ്രവർത്തനങ്ങൾ പുനരവലോകനം (റിവ്യൂ) ചെയ്യുന്ന സമ്പ്രദായം അവിടെയുമുണ്ട് - വാർഡ് സഭ. താഴെത്തട്ടിൽ ബന്ധപ്പെട്ട മെമ്പറാണ് യോഗം വിളിക്കുക. സ്റ്റാന്റിംഗ് കമ്മറ്റിയെ പ്രതിനിധീകരിച്ച് ഒരാളുണ്ടാകും യോഗത്തിൽ. ചില ഇനങ്ങളിലേയ്ക്ക് വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിക്കപ്പെടാതെ പോകുന്നു. കാരണം പറയും, അർഹരായ അപേക്ഷകർ ഇല്ലായിരുന്നു എന്ന്. പദ്ധതിയെക്കുറിച്ച് അറിയാതെ വന്നതുകൊണ്ടാണോ? അല്ല, ധാരാളം അപേക്ഷകൾ കിട്ടിയിട്ടുണ്ട്. പക്ഷേ, പലതിലും തെറ്റുണ്ടായിരുന്നു. അപേക്ഷ ശരിയല്ല. തെറ്റുള്ളതും അപൂർണ്ണമായതുമായ അപേക്ഷകൾ തള്ളി. ഇങ്ങനെ വിശദീകരണം നൽകുന്നവർ ഒരു കാര്യം മറന്നു: പട്ടികജാതി-വർഗ്ഗക്കാർക്കിടയിൽ പ്രവർത്തിക്കാനായി വളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ ക്ഷേമ കാര്യങ്ങൾ അന്വേഷിക്കുക, സർക്കാരിൽ നിന്ന് എന്തെങ്കിലും ആനുകൂല്യങ്ങളും സഹായങ്ങളും പ്രഖ്യാപിക്കുമ്പോൾ അത് ലഭിക്കാൻ അർഹതയുള്ളവരെ കണ്ടെത്തി സഹായം ലഭ്യമാക്കുക- ഇതാണ് വളണ്ടിയർമാരുടെ ജോലി. യഥാസമയം അപേക്ഷ കൊടുപ്പിക്കണം; തെറ്റ് വരാതെ നോക്കണം. അപേക്ഷകളിൽ തെറ്റു വന്നാൽ അതിന്റെ ഉത്തരവാദിത്വം വളണ്ടിയർക്കാണ്. കൂടുതൽ ആളുകൾക്ക് ആനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കുക, സഹായം ലഭ്യമാക്കുക-അതാണ് ചെയ്യേണ്ടത്. ഈ കാഴ്ചപ്പാടില്ലാതെ വന്നാൽ അഗതികൾ ഗതികിട്ടാത്തവരായിതന്നെ തുടരും.

എം പി- എം എൽ എ പ്രാദേശിക വികസനഫണ്ടിന്റെ കാര്യവും ഇതേ വഴിക്കാണത്രെ. നീതികരിച്ചു കൂടാത്ത പലതും അതിന്റെ വിനിയോഗ സംബന്ധമായ നിയമത്തിൽ തന്നെയുണ്ട്. പ്രാദേശിക വികസനഫണ്ട്-അഥവാ ആസ്തി വികസനഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കാം? ദുരുപയോഗത്തിനുള്ള ധാരാളം സാധ്യതകൾ അത് സംബന്ധിച്ച ചട്ടത്തിൽ തന്നെ കാണാം. ചില ഉദാഹരണങ്ങൾ പറയാം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഈ ഫണ്ട് വിനിയോഗിക്കാൻ അനുവാദമുണ്ട്. എം പി ക്കും എം എൽയ്ക്കും വേണ്ടപ്പെട്ടവരുടെ മാനേജ്മെന്റിൻ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളും കോളേജുമുണ്ടാകുമല്ലോ. ഫണ്ട് അനുവദിക്കുമ്പോൾ ആദ്യപരിഗണന ആ സ്ഥാപനങ്ങൾക്കാകും. ആ ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളും ഫർണ്ണീച്ചറും ഒരുക്കും. ഈ സൗകര്യം പരിഗണിച്ച് പുതിയ ഡിവിഷൻ അനുവദിക്കും; തസ്തികകളും. നല്ലൊരു കൊയ്ത്തിന് വഴിയൊരുങ്ങി മാനേജ്മെന്റിന്. ലക്ഷങ്ങളാണ് ആ വകയിൽ കിട്ടുക. എം എൽ എയുടെ, അല്ലെങ്കിൽ എം പി യുടെ വക എന്ന് ചുമരിൽ പേരെഴുതിവെച്ച് പ്രസിദ്ധിയുണ്ടാക്കിക്കൊടുക്കുന്നതിലപ്പുറം വല്ലതും കൈമാറിക്കിട്ടുന്നുണ്ടാകുമോ എന്ന് അവർക്കേ അറിയൂ.

'സ്വജനപക്ഷപാതം സർക്കാർ ചെലവിൽ ' ലോനപ്പൻ നമ്പാടന്റെ ആത്മകഥയിൽ കാണാം ഈ വഴിക്കുള്ള അവിഹിത വ്യതിയാനങ്ങളുടെ കഥകൾ പലതും. സത്യ പ്രതിജ്ഞാ ലംഘനമുണ്ട് ഇതിൽ. പക്ഷേ, പരാതി ആർക്കുമില്ല. ഒത്തുകളിക്കുന്നവരുടെ അരങ്ങ് - ജനാധിപത്യ ഭരണ ക്രമത്തിൽ അങ്ങോളമിങ്ങോളം. അതി വിരുതന്മാരായ ചിലർ ഈ വഴിക്ക് സ്വന്തം ആസ്തി വികസന സാധ്യതകൾ കണക്ക് കൂട്ടുമ്പോൾ, കുളിക്കാതെ ഈറൻ ചുമക്കേണ്ടിവരുന്ന ചില പാവങ്ങളുമുണ്ട്. വെറുതെ പഴികേൾക്കേണ്ടി വരുന്നവർ, തെറ്റിദ്ധരിക്കപ്പെടുന്നവർ. കമ്മീഷൻ കിട്ടുന്നുണ്ടാകും എന്ന് അവരെക്കുറിച്ചും പറയും. തദ്ദേശങ്ങൾ ആര് ഭരിക്കണം എന്ന് തീരുമാനിക്കുന്ന ഒരു തിരഞ്ഞെടുപ്പ് കൂടി സമാഗതമായിരിക്കുന്നു. എം എൽ എ മാർക്കും എം പി മാർക്കും കിട്ടുന്ന സാമ്പത്തികാനുകൂല്യങ്ങളൊന്നുമില്ലെങ്കിലും, സ്ഥാനാർത്ഥിയാകാൻ തിരക്ക് കൂട്ടുന്നവരുടെ എണ്ണം കുറവല്ല. വികസിക്കട്ടെ, തദ്ദേശങ്ങളെങ്കിലും! ○

എം എൽ എ- എം പി ആസ്തിവികസന ഫണ്ട് എന്നൊക്കെ പറഞ്ഞ് സർക്കാർ കൊല്ലം തോറും അനുവദിക്കാറുള്ള പണം മുഴുവനുമല്ലെങ്കിലും അതിൽ വലിയൊരു ഭാഗം, ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട് എന്ന് വിമർശനമുണ്ട്. ഓരോ മണ്ഡലത്തിലെയും (പഞ്ചായത്താകുമ്പോൾ വാർഡിലെ) നിയമാനുസൃതമായ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് യഥാസമയം, വേണ്ടതുപോലെ ചെലവഴിക്കപ്പെടാറില്ല. അതിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്ത് വരാറുണ്ട്.

ബഹുഭാഷാ സാഹിത്യ പ്രതിഭയായ സുന്ദര ബാറടുക്ക

സപ്ത ഭാഷാ സംഗമ ഭൂമിയെന്നറിയപ്പെടുന്ന കാസർകോടിന് അഭിമാനിക്കുവാൻ ധാരാളം സാഹിത്യകാരന്മാരുണ്ട്. മലയാളം, കന്നഡ, തുളു, കൊങ്കിണി, മറാഠി, ഉർദു, ബ്യാരി എന്നീ ഭാഷകളെക്കൂടാതെ ധാരാളം പ്രാദേശിക ഗോത്ര ഭാഷകൾ കൂടി കാസർകോട്ട് കാണാം. ഭാഷാ വാദമുയർത്തി ഏക ഭാഷയെന്ന നിലയിലേക്കുള്ള ചില കോണുകളിൽ നിന്നുള്ള വാദങ്ങൾക്ക് അപവാദമാണ് കാസർകോട്. അതുകൊണ്ടു തന്നെ കാസർകോടുകാർക്ക് മാത്രം അവകാശപ്പെട്ടതാണ് ഭാഷകളുടെ വൈവിധ്യങ്ങളേയും സൗന്ദര്യങ്ങളേയും ആസ്വദിക്കുവാനുള്ള സൗഭാഗ്യം.

ഭാഷയെന്നാൽ വെറും സംസാര മാധ്യമം മാത്രമല്ല, അത് ജീവിതം കൂടിയാണ്. ഒരു പ്രദേശത്തിന്റെ, ഒരു ജനതയുടെ കൂടിച്ചേരലുകൾ, അതിൽ അവരുടെ ജീവിതം, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി പലതും ഭാഗമാകുകയാണ്. അത്തരത്തിൽ ഓരോ ഭാഷകൾക്കും പല സവിശേഷതകൾ കാണാനാകും. പല ഭാഷകളെ അറിയുകയും ആസ്വദിക്കുകയും അവയിലെ കൊടുക്കൽ -വാങ്ങലുകൾ തിരിച്ചറിയുവാനുള്ള ഒരിടവുമായി കാസർകോടുമാറുകയും ചെയ്തുവെന്ന് പറയാം. പല ഭാഷകളറിയുക എന്നത് ഒരു മേന്മയായാണ് പരിഷ്കൃത സമൂഹം കാണുന്നത്.

അത്തരത്തിൽ നമ്മുടെ നാട്ടിലെ സാഹിത്യ പ്രതിഭകളിൽ സുപരിചിതനാണ് സുന്ദര ബാറടുക്ക. ബദിയഡുക്ക ബാറടുക്കയിലെ 'ഭീം ദീപ' യിൽ ഐത്ത- ബെള്ളച്ചി ദമ്പതികളുടെ രണ്ടാമത്തെ മകനായി 1971 നവംബർ 14 ന് ജനിച്ച സുന്ദര കന്നഡ, തുളു, മലയാളം ഭാഷകളിൽ തന്റേതായ ഇടം കണ്ടെത്തിയ സാഹിത്യകാരനാണ്. പ്രീഡിഗ്രി വരെ മാത്രമേ പഠിച്ചുള്ളൂവെങ്കിലും അദ്ദേഹത്തിന്റെ സാഹിത്യത്തിലെ അറിവും കൃതികളിലെ ആശയങ്ങളാലും ഇന്ന് അദ്ദേഹത്തെ കർണ്ണാടകത്തിലെയും കാസർകോട്ടേയും അറിയപ്പെടുന്ന സാഹിത്യകാരനാക്കിയിരിക്കുന്നു.

'കപ്പു ഹാദിയ കെംപ്പു ഹെജ്ജഗളു' (കവിതാ സമാഹാരം) 'മിത്തമ്മന കെടഞ്ചോളു' (ചെറുകഥാ സമാഹാരം) 'പൊലദ്യെ' (തുളുനാട്ടിലെ പാരമ്പര്യ നാട്ടു ചികിത്സ) എന്നീ പുസ്തകങ്ങളുടെ രചയിതാവാണ് സുന്ദര ബാറടുക്ക. ഇതിൽ കവിതാ സമാഹാരം കർണാടക സർക്കാരിന്റെ ലൈബ്രറി ഡിപ്പാർട്ട്മെൻറ് മുഖേന പ്രസിദ്ധീകരിച്ചതിനാൽ കർണാടകയിലെ മിക്ക ലൈബ്രറികളിലും ഇടംപിടിച്ചു. കൂടാതെ, തന്നെ സാഹിത്യ ലോകത്തേക്ക് നയിച്ച കവിയും ഗായകനും നാടകകാരനുമൊക്കെയായ എം.എസ്. ശേഖറുടെ കവിതകൾ സമാഹരിച്ച് 'ഒന്തു ഹെജ്ജെ ജാഗ കൊടി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള തുളു അക്കാദമിയുടെ പി. വെങ്കിട്ടരാജ പുണിഞ്ചിത്തായ സ്മാരക അവാർഡ്, കവിതയ്ക്കുള്ള പണ്ഡിറ്റ് കറുപ്പൻ സ്മാരക അവാർഡ് തുടങ്ങിയ അംഗീകാരങ്ങൾക്ക് സുന്ദര ബാറടുക്ക അർഹനായിട്ടുണ്ട്. കന്നഡ, തുളു ഭാഷകളിൽ അഗാധ പാണ്ഡിത്യമുള്ള സുന്ദര ബാറടുക്കയെ നിരവധി സാഹിത്യകാരന്മാർ തേടിയെത്താറുണ്ട്. അതിൽ ഗവേഷണ വിദ്യാർത്ഥികൾ, ഭാഷാ സാഹിത്യകാരന്മാർ, സാംസ്ക്കാരിക പ്രവർത്തകർ, ഫോക്‌ലോർ പ്രവർത്തകർ എന്നിങ്ങനെ പല മേഖലകളിലുള്ളവരെ കാണാം. തനിക്ക് ലഭിച്ച അറിവ് മറ്റുള്ളവരിലേക്ക് പങ്കുവെക്കുന്നതിലും സാഹിത്യകാരന്മാരേയും സാഹിത്യ പ്രേമികളേയും അകമഴിഞ്ഞ് സ്നേഹിക്കുന്നതിലും സഹായിക്കുന്നതിലും തന്റെ തിരക്കുകൾ മാറ്റി വെച്ച് സുന്ദര എന്നും മുമ്പിലുണ്ടാകും. നിർമ്മല പുഞ്ചിരിയോടെ, സൗമ്യനായി, വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരേയും തുല്യരായി കണ്ട് ബഹുമാനിക്കുന്ന വ്യക്തിത്വത്തിനുടമയായ സുന്ദര ബാറടുക്കയുടെ കൃതികളിൽ ദളിതരുടേയും കീഴാളരുടെയും പറിച്ചുനടപ്പെട്ടവരുടേയും ജീവിത പ്രയാസങ്ങളും മറ്റും മുഴച്ചു നിൽക്കുന്നതായി കാണാം. അത്തരം പച്ചയായ തീക്ഷ്ണാനുഭവങ്ങൾ തന്റെ കൃതികളിലൂടെ പുറം ലോകത്തെ അറിയിക്കുവാൻ അദ്ദേഹം വെമ്പൽ കൊള്ളുകയാണ്. പഴയകാല ജീവിതത്തിലെ നാട്ടുനടപ്പുകളും സംസ്കൃതിയും മാഞ്ഞുപോകുന്നതിലുള്ള ഉത്കണ്ഠയും വേവലാതിയും നമ്മെ കവി തന്റെ രചനകളിലൂടെ ഓർമ്മപ്പെടുത്തുന്നു. അംബേദ്കർ വിചാരവേദി, തുളുവരെ അയന കൂട്ട, കന്നഡ സാഹിത്യ പരിഷത്ത് കേരള ഗഡിനാടു ഘടക തുടങ്ങിയ പ്രസ്ഥാനങ്ങളിലെ സജീവ സാന്നിധ്യമാണ് സുന്ദര ബാറടുക്ക. കാസർകോട് ജില്ലയിൽ കന്നഡ മീഡിയം ക്ലാസുകളിൽ മലയാളം അധ്യാപകരെ നിയമിച്ചതിനെതിരെ 'ബൊൾപ്പു ' എന്ന സംഘടന വഴി ഹൈക്കോടതിയിൽ കേസു ഫയൽ ചെയ്ത് അനുകൂല വിധി സമ്പാദിച്ചത് തന്റെ കൂടി നേട്ടമായി അദ്ദേഹം കരുതുന്നു. ഒന്നു മുതൽ പത്താം ക്ലാസ്സ് വരെ കന്നഡ മാദ്ധ്യമത്തിൽ പഠിച്ചവർ മാത്രമേ കന്നഡ മീഡിയം ക്ലാസുകളിൽ പഠിപ്പിക്കാവൂ എന്നാണ് വിധി വന്നത്.

കർണാടകയിലും കാസർകോട്ടും നടക്കുന്ന കവി സമ്മേളനങ്ങളിലെ സ്ഥിരം സാന്നിധ്യമായ സുന്ദര ബാറടുക്ക, എഴുത്തുകാരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനായി രൂപീകരിച്ച 'സമത സാഹിത്യ വേദികെ' യുടെ കൺവീനർ കൂടിയാണ്. അംഗൻവാടി വർക്കറായ ശ്രീജയാണ് ഭാര്യ. മകൻ സാവൻ.

എളിമയോടെയുള്ള പെരുമാറ്റം കൊണ്ടും തനിമ നിലനിർത്തിക്കൊണ്ടുള്ള എഴുത്തിനാലും എഴുത്തിലെ ജാഗ്രതയാലും മുന്നേറുന്ന സുന്ദര ബാറടുക്കയ്ക്ക് തന്റെ കർമ്മപഥത്തിൽ ഇനിയുമേറെ ശോഭിക്കുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

രാജൻ മുനിയൂർ